## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1363** **11/08/2017-ൽ മറുപടിയ്ക്ക്**

# അഗ്രോ ബസാറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ** | | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് എത്ര അഗ്രോ ബസാറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് ഒരു അഗ്രോ സൂപ്പർ ബസാറും പത്ത് അഗ്രോ ബസാറുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>അഗ്രോ സൂപ്പർ ബസാർ - തിരുവനന്തപുരം.<br><br>അഗ്രോ ബസാറുകൾ<br>1. കൊട്ടാരക്കര (കൊല്ലം ജില്ല)<br>2. പുനലൂർ (കൊല്ലം ജില്ല)<br>3. പരവൂർ (കൊല്ലം ജില്ല)<br>4. തിരുവല്ല (പത്തനംതിട്ട ജില്ല)<br>5. അത്താണി (എറണാകുളം ജില്ല)<br>6. അരിമ്പൂർ (തൃശ്ശൂർ ജില്ല)<br>7. പാനൂർ (കണ്ണൂർ ജില്ല)<br>8. അമ്പലപ്പുഴ (ആലപ്പുഴ ജില്ല)<br>9. കൽപ്പറ്റ (വയനാട് ജില്ല)<br>10. തൊടുപുഴ (ഇടുക്കി ജില്ല) |
| ബി) | പുതിയതായി അഗ്രോ ബസാറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (ബി) | കർഷകർക്ക് ആവശ്യമുള്ള വിത്തു മുതൽ കാർഷിക ഉല്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ വരെ "ഒരു കുടക്കീഴിൽ" ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അഗ്രോ ബസാറുകൾ |

പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ അഗ്രോ സൂപ്പർ ബസാർ തുടങ്ങുന്നതിന് 2016-17 സാമ്പത്തിക വർഷം 100 ലക്ഷം രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ വർഷം തന്നെ തൃശ്ശൂർ അഗ്രോ സൂപ്പർ ബസാർ പ്രവർത്തനം ആരംഭിക്കുന്നതാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ